## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *363 | 17.10.2011-ലെ മറുപടിക്ക് |
|---|---|

### ക്ലിനിക്കൽ പരിശോധനാ ലാബുകളുടെ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ പി.ബി. അബ്ദുൾ റസാക്<br>ശ്രീ. കെ.എം.ഷാജി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ലിനിക്കൽ പരിശോധനാ ലാബുകളിന്മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണാധികാരങ്ങളുണ്ടോ എന്ന് വിശദമാക്കാമോ;<br>ബി) ഉണ്ടെങ്കിൽ അതിന്റെ വ്യാപ്തി എത്രത്തോളമാണെന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ; | എ) & ബി) സർക്കാർ ആശുപത്രികളോടനുബന്ധിച്ചുളള ലാബുകളുടേയും പബ്ലിക്ക് ഹെൽത്ത് ലാബുകളുടേയും മേൽ സർക്കാരിന് പൂർണ്ണ നിയന്ത്രണാധികാരമുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചുകൊണ്ട് കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ, റഗുലേഷൻ, അക്രഡിറ്റേഷൻ) എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത നിയമം നിലവിൽ വരുമ്പോൾ ടി സ്ഥാപനങ്ങളുടെ നിയന്ത്രണം സാധ്യമാകും. |
| സി) സംസ്ഥാന സർക്കാരിനു കീഴിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന ഏതൊക്കെ ലബോറട്ടറികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ഫോർ ടെസ്റ്റസ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് ഇൻ ഇൻഡ്യ (NABL) എന്ന സ്ഥാപനത്തിന്റെ അനുമതി പത്രം ലഭിച്ചിട്ടുണ്ടെന്നതു സംബന്ധിച്ച വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | സി) സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടറികൾക്ക് ഒന്നും തന്നെ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അംഗീകാരം ലഭിച്ചിട്ടില്ല. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലബോറട്ടറികൾക്ക് ടി അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. എന്നാൽ സംസ്ഥാനത്തെ 189 |

| | |
|---|---|
| | സർക്കാർ ലബോറട്ടറികൾക്ക് Quality Council of India-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ഡി) സ്വകാര്യലാബുകൾ പലതും ശരിയായ പരിശോധനാ റിപ്പോർട്ടുകളല്ല നല്കുന്നതെന്നും, അമിത ഫീസ് ഈടാക്കുന്നു എന്നുമുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതു നിയന്ത്രിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതേക്കുറിച്ച് ആലോചിക്കുമോ ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുന്ന കാര്യം സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ